ആയുർവേദ കോൺഗ്രസിൽ പങ്കെടുത്തത് കേന്ദ്രത്തിന്റെ പരിപാടിയായതിനാൽ

തിരുവനന്തപുരം:ഗുജറാത്തിൽവേൾഡ് ആയുർവേദ കോൺഗ്രസിന്റെ ഉദ്ഘാടനത്തിൽ ആരോഗ്യ മന്ത്രികെ.കെ. ശൈലജപങ്കെടുത്തത് കേന്ദ്ര സർക്കാരിന്റെ പരിപാടിയായതിനാലാണെന്ന് മന്ത്രിയുടെ ഓഫീസ് വാർത്താക്കുറിപ്പിൽ അറിയിച്ചു. കേന്ദ്ര ആയുഷ്വകുപ്പിന്റേയും സി.സി.ആർ.എ.എസിന്റേയും നേതൃത്വത്തിലുള്ളപരിപാടിയാണ് വേൾഡ്ആയുർവേദകോൺഗ്രസ്. സംസ്ഥാനങ്ങളിലെ ആയുഷ്വകുപ്പ്പ്രതിനിധികളേയുംസ്ഥാപനങ്ങളേയുംവിദേശവിദഗ്ധരെയും പങ്കെടുപ്പിച്ചാണ് ആയുർവേദ കോൺഗ്രസ് നടത്തുന്നത്. തെറ്റായ പ്രചാരണം നടത്തരുതെന്നും മന്ത്രിയുടെ ഓഫീസ് വ്യക്തമാക്കി.

www.keralakaumudi.com www.facebook.com/keralakaumudi

വാട്സ്ആപ്പിൽ പൊലീസുകാരന്റെ ആത്മഹത്യാ ഭീഷണി

തിരുവനന്തപുരം: തലസ്ഥാനത്തെ ട്രാഫിക് അസി.കമ്മിഷണർ അടക്കം നാല് പൊലീസുകാരെ കുറ്റപ്പെടുത്തി, ട്രാഫിക് പൊലീസുകാരൻ ആത്മഹത്യാഭീഷണി റെക്കാർഡ് ചെയ്ത് പൊലീസിന്റെ വാട്സ്ആപ്പ് ഗ്രൂപ്പിലിട്ടു. ട്രാഫിക് സ്റ്റേഷനിലെപൊലീസുകാരനാണ്ആത്മഹത്യ ഭീഷണിമുഴക്കിയ ശബ്ദസന്ദേശം അയച്ചത്. മാസങ്ങളായി മാനസികമായിപീഡിപ്പിക്കുന്നതായും മൂന്നുദിവസമായി സ്ഥിരം ഡ്യൂട്ടി നൽകാതെബുദ്ധിമുട്ടിക്കുന്നതായും സന്ദേശത്തിലുണ്ട്. 50ദിവസമായി മെഡിക്കൽ അവധിയിലായിരുന്നു താനെന്നും മടങ്ങിയെത്തിയപ്പോൾ ഡ്യൂട്ടി നൽകുന്നില്ലെന്നുമാണ് പരാതി. അസോസിയേഷൻ തിരഞ്ഞെടുപ്പിൽഇടത്പാനലിന്വോട്ട് ചെയ്യാതിരുന്നതിനാണ്തന്നെപീഡിപ്പിക്കുന്നതെന്നും ആത്മഹത്യ ചെയ്താൽഅസി.കമ്മിഷണർഅടക്കം നാല്പൊലീസുകാർക്കാണ്ഉത്തരവാദിത്വമെന്നും ഇവരുടെ പേര് പറഞ്ഞുള്ള സന്ദേശത്തിൽ വ്യക്തമാക്കുന്നു.സംഭവത്തെക്കുറിച്ച് സ്പെഷ്യൽബ്രാഞ്ച് അസി.കമ്മിഷണർഅന്വേഷണംതുടങ്ങിയിട്ടുണ്ട്.

'മൈത്രിയുടെ താളത്തിൽ കൃഷ്ണ രാഗം'

സുജിലാൽ കെ.എസ്.

തിരുവനന്തപുരം : 'കനിവോതും കമനീയ ഹൃദയം... യേശു മിശിഹാ തൻ തിരുവുള്ളം അതുപോലെ വേറുണ്ടോ'.. ശങ്കരാഭരണം രാഗത്തിൽ തൊടൂർ മാധബൂസി കൃഷ്ണ എന്ന ടി.എം. കൃഷ്ണ കർണാട്ടിക് - ക്രിസ്ത്യൻ ഭക്തിഗാനം മലയാളത്തിൽ പാടിത്തുടങ്ങിയപ്പോൾ തിങ്ങിനിറഞ്ഞ സദസ് നിറുത്താത്ത കരഘോഷം. പരമ്പരാഗതസംഗീതത്തിലെജാതി മേധാവിത്വവുംവരേണ്യവത്കരണവും ചോദ്യംചെയ്തു ടി.എം. കൃഷ്ണ പ്രളയാനന്തര പുനർനിർമ്മാണത്തിനും മതമൈത്രിക്കുമായി കേരളയൂണിവേഴ്സിറ്റിടീച്ചേഴ്സ്ഓർഗനൈസേഷനും സ്റ്റാഫ്യൂണിയനും കലാസാംസ്കാരിക സമിതിയും സംഘടിപ്പിച്ച മൈത്രി സംഗീത സന്ധ്യയിലാണ് തന്റെ നിലപാടുകൾ തുറന്നു കാട്ടി പാടിയത്. നാരായണ ശ്ലോകത്തിലാണ് കീർത്തനം ആരംഭിച്ചത്. വിവിധ മതങ്ങളിലെദൈവങ്ങളെല്ലാം ഒന്നാണെന്ന സന്ദേശമാണ് ശ്ലോകത്തിലുണ്ടായിരുന്നത്.

കല്യാണിരാഗത്തിൽ പങ്കജലോചന... എന്നസ്വാതിതിരുനാൾ കൃതിക്ക് പിന്നാലെ 'സലത്തുള്ള... സലമുള്ള...' എന്ന അല്ലാഹുവിനെ കുറിച്ചുള്ള രീതിഗൗളരാഗത്തിലെ ഗാനവും വൻ കൈയടി നേടി.

സംഘപരിവാർ നിലപാടുകളെ വിമർശിച്ചതിന് ദില്ലിയിൽ എയർപോർട്ട് അതോറിട്ടി കൃഷ്ണയുടെ സംഗീത പരിപാടി മാറ്റിവച്ചതിന് പിന്നാലെയാണ് കേരളത്തിൽ പാടാനെത്തിയത്. ദില്ലിയിൽ അവതരിപ്പിക്കാനിരുന്ന കച്ചേരിയാണ് മൈത്രി സംഗീത സന്ധ്യയിൽകൃഷ്ണഅവതരിപ്പിച്ചത്. ക്രിസ്ത്യൻ ഭക്തി ഗാനങ്ങൾ കർണാടക സംഗീതത്തിൽ ഒരുക്കിയതിനും മതേതര നിലപാടുകൾക്കും ഭീഷണികളും രൂക്ഷവിമർശനവും നേരിട്ട സംഗീതജ്ഞനാണ് ടി.എം. കൃഷ്ണ. കച്ചേരിയിൽ ട്രിവാൻഡ്രം സമ്പത്ത് വയലിനും ഉഡുപ്പി ശ്രീധർ ഘടവും കെ. അരുൺ പ്രകാശ്മൃദംഗവും അവതരിപ്പിച്ചു.എല്ലാവരെയുംഒരുപോലെഉൾക്കൊള്ളുന്നതാണ്ഇന്ത്യൻഭരണഘടനയെന്നും, ജനാധിപത്യത്തെ ഉയർത്തിക്കാട്ടുന്നതിനൊപ്പം എങ്ങനെയാണ് അവകാശങ്ങൾക്കായി പോരാടേണ്ടതെന്ന്കാണിച്ചുതരുന്നതാണ്നമ്മുടെ രാജ്യമെന്നും ടി.എം. കൃഷ്ണ പറഞ്ഞു. മതം അവസരമാണ്നൽകുന്നത്. ജീസസ്ആയാലും അള്ളാആയാലുംകൃഷ്ണൻആയാലും വിശ്വാസിക്ക് ഒരേ അനുഭൂതിയാണ് നൽകുന്നതെന്നും അദ്ദേഹം പറഞ്ഞു.

കെ.എസ്. ശബരീനാഥൻ എം.എൽ.എഉദ്ഘാടനംചെയ്തു. കേരള സർവകലാശാല വൈസ് ചാൻസലർ വി.പി. മഹാദേവൻ പിള്ള, പ്രൊ വൈസ് ചാൻസലർവി.പി. അജയകുമാർ,രജിസ്ട്രാർ സി.ആർ. പ്രസാദ്, ഡോ. വിജയലക്ഷ്മി, സി.എ. ലാൽ, സുരേഷ്കുമാർ, അച്യുത്ശങ്കർ, ശബ്നം റിയാസ്, അഷറഫ് കടയ്ക്കൽ എന്നിവർ പങ്കെടുത്തു. പ്രതിഫലം വാങ്ങാതെയാണ് അദ്ദേഹം പരിപാടി അവതരിപ്പിച്ചത്.

കേരള യൂണിവേഴ്സിറ്റി ടീച്ചേഴ്സ് ഓർഗനൈസേഷനും സ്റ്റാഫ് യൂണിയനും കലാസാംസ്കാരിക സമിതിയും തിരുവനന്തപുരം സെനറ്റ് ഹാളിൽ സംഘടിപ്പിച്ച മൈത്രി സംഗീത സന്ധ്യയിൽ ടി.എം. കൃഷ്ണ അവതരിപ്പിച്ച സംഗീതക്കച്ചേരി. ഫോട്ടോ : അജയ്മധു

ഡോ. രാജൻ നായർ നിര്യാതനായി

തിരുവനന്തപുരം: നടൻ, സംവിധായകൻ, സംഘാടകൻ എന്നീ നിലകളിൽ ആറ് പതിറ്റാണ്ടിലേറെയായി അമച്വർ നാടക വേദികളിൽ സജീവമായിരുന്ന ഡോ. രാജൻ നായർ (80) നിര്യാതനായി. സി.വി. രാമൻപിള്ളയുടെ ചരിത്രാഖ്യായികകൾ പുതു തലമുറയ്ക്ക് നാടകരൂപത്തിൽ പരിചയപ്പെടുത്തുന്നതിൽ നിസ്തുല പങ്ക് വഹിച്ചിട്ടുണ്ട്.

വായനശാല നാടകവേദിക്ക് വേണ്ടി ജി.ശങ്കരപ്പിള്ളയുടേതുൾപ്പെടെ നിരവധി നാടകങ്ങൾസംവിധാനം ചെയ്തു ഇദ്ദേഹം തിരുവനന്തപുരം കലാവേദിയുടെ പ്രസിഡന്റ്, കാർഷിക സർവകലാശാലയിലും കേരള സർവകലാശാലയിലും മാനേജ്മെന്റ് വിഭാഗം അദ്ധ്യാപകൻ എന്നീ നിലയിലും പ്രവർത്തിച്ചിട്ടുണ്ട്. നൂറോളം നാടകങ്ങളിൽ നായകനായി വേദിയിൽ തിളങ്ങി. അക്കാഡമിക് മാനേജ്മെന്റിനെക്കുറിച്ചുള്ള നിരവധി പുസ്തകങ്ങളും തിരുവനന്തപുരംനാടകവേദിചരിത്രവുംഓർമകളുംഎന്ന നാടകഗ്രന്ഥവും ഇദ്ദേഹത്തിന്റേതായി പുറത്തിറങ്ങിയിട്ടുണ്ട്.സംഗീത നാടക അക്കാഡമിയുടെ ഗുരുപൂജ, സി.വി നാടക പുരസ്കാരം, വയനശാല പുരസ്കാരം, രംഗപ്രഭാത് ജി. ശങ്കരപ്പിള്ള പുരസ്കാരം എന്നീ ബഹുമതികൾ നേടി. ഭാര്യ: പരേതയായ ജഗതി മേലേവീട്ടിൽ ജയ. മക്കൾ: രഞ്ജിത്ത്, സഞ്ജിത്ത്. മരുമക്കൾ: രേണു, അഞ്ജു.

സംസ്കാരം ഇന്ന് രാവിലെ 9ന് ശാന്തികവാടത്തിൽ.

ശബരിമല വിഷയത്തിൽ വേണ്ടി വന്നാൽ കേന്ദ്രത്തെ സമീപിക്കും: ജി. സുകുമാരൻ നായർ

ചങ്ങനാശ്ശേരി: ശബരിമല വിഷയത്തിൽ വേണ്ടിവന്നാൽ കേന്ദ്ര സർക്കാരിനെ സമീപിക്കുമെന്ന് എൻ.എസ്.എസ് ജനറൽ സെക്രട്ടറി ജി.സുകുമാരൻ നായർ പറഞ്ഞു. നായർ സർവീസ് സൊസൈറ്റി ഹ്യൂമൻ റിസോഴ്സസ് വിഭാഗത്തിന്റെ സംസ്ഥാനതല നേതൃസംഗമം പെരുന്നയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

റിവ്യൂഹർജി പരിഗണിച്ച ശേഷം അനുകൂലമല്ലെങ്കിലും നിലപാടിൽ മാറ്റംവരുത്തില്ല. മേൽനടപടികൾക്കായി കേന്ദ്രസർക്കാരിനെ സമീപിക്കും.

ശബരിമലയിലെ ആചാര അനുഷ്ഠാനങ്ങൾ സംരക്ഷിക്കുന്നതിനൊപ്പം എല്ലാ ക്ഷേത്രങ്ങളിലെയും ഈശ്വര വിശ്വാസങ്ങൾ നിലനിറുത്തുകയും ചെയ്യണമെന്നാണ് എൻ.എസ്.എസ് നിലപാട്. ആചാര അനുഷ്ഠാനങ്ങൾക്കും ഈശ്വര വിശ്വാസ സംരക്ഷണത്തിനും നിഷ്പക്ഷമായാണ്എൻ.എസ്.എസ് നിലകൊണ്ടത്. അതിന് ഒരു രാഷ്ട്രീയ പാർട്ടിയുടെയും മുദ്രാവാക്യമോ, കൊടിയോ ഏറ്റെടുത്തിട്ടില്ല. ഈ വിഷയത്തിൽ എൻ.എസ്.എസിനെയും ഒരു രാഷ്ട്രീയ പാർട്ടിയും ഏറ്റെടുത്തിട്ടില്ല.

ശബരിമലയിൽആചാരങ്ങൾക്ക് വിരുദ്ധമായി യുവതികൾ കയറാനെത്തിയപ്പോൾ വിശ്വാസികളായ യുവതികളുടെ ചങ്കിടിപ്പ് വർദ്ധിക്കുകയായിരുന്നു.

വിശ്വാസികളുമനസ്സിലാക്കാൻ കഴിയാത്ത സർക്കാരാണോ കേരളത്തിൽ ഭരണം നടത്തുന്നത്? ആലോചിച്ചു വേണ്ടത് ചെയ്യുക. എൻ.എസ്.എസിന് രാഷ്ട്രീയമില്ല. ഒരു രാഷ്ട്രീയ പാർട്ടിയോടും സമുദായത്തോടും എതിർപ്പുമില്ലെന്നും അദ്ദേഹം പറഞ്ഞു.

എൻ.എസ്.എസ് ഹ്യൂമൻ റിസോഴ്സ് സംസ്ഥാന നേതൃസമ്മേളനം ജനറൽ സെക്രട്ടറി ജി. സുകുമാരൻ നായർ ഉദ്ഘാടനം ചെയ്യുന്നു. എൻ.എസ്.എസ് ട്രഷറർ ഡോ. എം. ശശികുമാർ, പ്രസിഡന്റ് അഡ്വ. പി.എൻ. നരേന്ദ്രനാഥൻനായർ, രജിസ്ട്രാർ പി.എൻ. സുരേഷ്, എച്ച്.ആർ സെക്രട്ടറി കെ.ആർ. രാജൻ എന്നിവർ സമീപം.

പ്രസിഡന്റ് അഡ്വ പി.എൻ.നരേന്ദ്രനാഥൻ നായർ അദ്ധ്യക്ഷത വഹിച്ചു. ട്രഷറർ ഡോ. എം. ശശികുമാർ, രജിസ്ട്രാർ പി.എൻ.സുരേഷ്, ഹ്യൂമൻ റിസോഴ്സസ് സെക്രട്ടറികെ.ആർ.രാജൻ, ആലപ്പുഴ മെഡിക്കൽ കോളേജ് മെഡിസിൻ വിഭാഗം മേധാവി ഡോ: ബി.പത്മകുമാർ എന്നിവർ പ്രസംഗിച്ചു.

ഈ ദുർവിധി ചോദിച്ചു വാങ്ങിച്ചത്, മനസുവച്ചാൽ പരിഹരിക്കാം

കോവളം സതീഷ്കുമാർ

തിരുവനന്തപുരം: പി.എസ്.സി അഡ്വൈസ്മെമ്മോ ലഭിച്ചവരുടെ നിയമനകാര്യം അനുഭാവപൂർവം കെ.എസ്.ആർ.ടി.സിപരിഗണിച്ചിരുന്നുവെങ്കിൽ 3861 താത്കാലികകണ്ടക്ടർമാരുടെജോലി പോകുന്നതിലേക്ക് നയിച്ച കോടതി വിധി ഒഴിവാക്കാമായിരുന്നു. ഇനിയും സർക്കാരും മാനേജ്മെന്റും മനസുവച്ചാൽ അധികമാരുടെയും കണ്ണീരുവീഴ്ത്താതെ പ്രശ്നം പരിഹരിക്കാം.

തിങ്കളാഴ്ച താത്കാലികക്കാരെ പിരിച്ചുവിടും. ശേഷം പി.എസ്.സിക്കാരെ നിയമിക്കും. 4051 പേർക്കാണ് അഡ്വൈസ് മെമ്മോ ലഭിച്ചിട്ടുള്ളത്. അതിൽ 1500 പേരോളമേ ജോലിക്ക് എത്താനിടയുള്ളൂ എന്നാണ് പി.എസ്.സി റാങ്ക്ഹോൾഡേഴ്സ്അസോസിയേഷൻ ഭാരവാഹികൾ തന്നെ പറയുന്നത്. അങ്ങനെയായാൽ ശേഷിക്കുന്ന ഒഴിവുകളിൽപഴയ താത്കാലികക്കാരെത്തന്നെ നിയമിക്കാനാകും. രണ്ടുമാസത്തിനുള്ളിൽ അറുനൂറിലേറെപേർ വിരമിക്കുന്ന ഒഴിവിലേക്കും ഇവരിൽനിന്ന് നിയമനം നടത്താം.

ബസ് സർവീസ് കൂട്ടുന്നതിലൂടെ ശേഷിക്കുന്നവരെയും നിയമിക്കാനാകും.

അഡ്വൈസ് മെമ്മോ ലഭിച്ചവർ 2013 മുതൽ മന്ത്രിമാരുടെ ഓഫീസുകളിലും കെ.എസ്.ആർ.ടി.സി ചീഫ്ഓഫീസിലും കയറിയിറങ്ങി, സെക്രട്ടേറിയറ്റ് നടയിൽ സമരവും നടത്തിതളർന്നതിനൊടുവിലാണ് ഹൈക്കോടതിയെ അഭയംപ്രാപിച്ചത്. അപ്പോഴും മാനേജ്മെന്റ് നിഷേധനിലപാട് സ്വീകരിച്ചതുകൊണ്ടാണ്താത്കാലികകണ്ടക്ടർമാരെ പിരിച്ചുവിട്ട് പി.എസ്.സിക്കാരെ നിയമിക്കാൻ ഹൈക്കോടതി ഉത്തരവിട്ടത്.

ലാഭം എം. പാനൽ

ദിവസക്കൂലിയായിതാത്കാലികക്കാർക്ക് കിട്ടുന്നത് 480 രൂപയാണ്. മറ്റ് ആനുകൂല്യങ്ങളുമില്ല. മാസം 20 ഡ്യൂട്ടി ചെയ്തില്ലെങ്കിൽ ആയിരം രൂപ നഷ്ടപ്പെടും. സ്ഥിരം ജീവനക്കാർക്ക് കൃത്യമായ ശമ്പളവും ആനുകൂല്യവും ഉണ്ട്.

> ഞങ്ങളെ പിരിച്ചുവിടുന്നത് ദ്രോഹമാണ്. കോടതി ഞങ്ങളുടെ ഭാഗം കേട്ടില്ല. ജോലി നഷ്ടപ്പെട്ടാൽ പല കുടുംബങ്ങളും പട്ടിണിയിലാകും.
>
> - ബീന, *താത്കാലിക ജീവനക്കാരി, കൊല്ലം*

ഈ യുവത്വത്തിൽ കേരളത്തിന്റെ തിളക്കം

രാജ്

ഗോവയിൽ നടന്ന രാജ്യന്തര ചലച്ചിത്രോത്സവത്തിൽ(ഇഫി) വിവിധ രാജ്യങ്ങളിൽ നിന്നും ചിത്രങ്ങൾ തിരഞ്ഞെടുത്തതും അവഷെഡ്യൂൾ ചെയ്തതുമെല്ലാം ഒരു മലയാളി യുവതിയായിരുന്നു.തിരുവനന്തപുരം നെടുമങ്ങാട് സ്വദേശിനി ദീപിക സുശീലൻ.ഇഫിയിലെസീനിയർപ്രോഗ്രാമറായിപ്രവർത്തിക്കുകയാണ് ദീപികയിപ്പോൾ. ദീപികയുടെ കഠിനാദ്ധ്വാനമാണ് മേളയിലെ പ്രോഗ്രാമിംഗ് ഇത്ര വിജയകരമായി നടന്നതിന്റെ കാരണം . കേരളത്തിന്റെ രാജ്യാന്തര ചലച്ചിത്രോത്സവത്തിലൂടെയാണ്ഫെസ്റ്റിവൽപ്രോഗ്രാമിംഗിലേക്ക് ദീപിക കടന്നുവന്നത്.

പരേതനായ അഭിഭാഷകൻ കെ.എൽ. സുശീലന്റേയും ആനാട് എസ്.എം.വി.എച്ച്.എസ്.എസിലെ അദ്ധ്യാപികയായ ഗീതയുടെയും രണ്ട് മക്കളിൽ ഇളയ മകളായ ദീപിക പഠിച്ചത് തിരുവനന്തപുരത്താണ്.കേരള സർവകലാശാലയുടെ കാര്യവട്ടം കാമ്പസിൽ നിന്ന് ഒന്നാം റാങ്കും സ്വർണ്ണമെഡലും നേടിയാണ് ജേർണലിസം (എം.സി.ജെ.)പാസ്സായത്.ദീപികയ്ക്കൊരു സഹോദരിയുണ്ട് ദേവിക . ന്യൂസിലണ്ടിലാണവർ.

തിരുവനന്തപുരത്ത് ഐ.എഫ്.എഫ്.കെയുടെ മീഡിയാ സെല്ലിൽ പ്രവർത്തിച്ചു.അതുവരെ സിനിമയോട് പ്രത്യേകിച്ച്മമതയുണ്ടായിരുന്നില്ല. അവിടെ വച്ച്ഫെസ്റ്റിവലിന്റെ ആർട്ടിസ്റ്റിക് ഡയറക്ടറായ ബീനാപോളാണ് തന്നെ അസിസ്റ്റ് ചെയ്യാമോയെന്ന് ചോദിച്ചത്.പുതിയൊരു മേഖല പഠിക്കാമെന്നകരുതി ചേരുകയായിരുന്നു.2010-14 വരെ ബീനയ്ക്കൊപ്പം പ്രവർത്തിച്ചു.അതൊരു വലിയ അനുഭവ പരിചയം നൽകിയെന്ന് ദീപിക പറഞ്ഞു.ബീന രാജിവച്ചപ്പോൾ 19-ാമതും ഇരുപതാമതും ഐ.എഫ്.എഫ്.കെയുടെ പ്രോഗ്രാമിംഗ് ദീപിക വിജയകരമായി ചെയ്തു.ഹ്രസ്വ ചിത്രമേള യിലും ദീപികയായിരുന്നു പ്രോഗ്രാമർ. ചലച്ചിത്ര അക്കാഡമി പ്രോഗ്രാം മാനേജരെന്ന പദവി ദീപികയ്ക്കു നൽകി.പിന്നീട് സ്ഥിര നിയമനം നൽകുകയും ചെയ്തു.ബീന അക്കാഡമിയിലേക്ക് തിരിച്ചു വന്ന ശേഷമാണ് ദീപിക അവിടെ നിന്നും പടിയിറങ്ങിയത്.പുതുതായി എന്തെങ്കിലും ചെയ്യണമെന്ന ആഗ്രഹത്തോടെയാണ്ഇഫിയിൽ പ്രോഗ്രാമറായി കഴിഞ്ഞവർഷമെത്തിയത്.നാട്ടിലെ സ്ഥിരജോലി ഉപേക്ഷിച്ച് പോകുന്നതിനെക്കുറിച്ച് പലരും ഉത്ക്കണ്ഠ പ്രകടിപ്പിച്ചെങ്കിലും വീട്ടിൽ നിന്നുള്ള പിന്തുണ ഏതു തീരുമാനവും സ്വന്തം താത്പര്യാനുസരണം ചെയ്യാനുള്ള കരുത്തു പകർന്നതായി ദീപിക പറഞ്ഞു.ഇഫിയിലെ ഭാരിച്ച ഉത്തരവാദിത്വം ദീപിക സമർത്ഥമായിട്ട് നിർവഹിക്കുന്നതിന് തെളിവാണ് അടുത്ത വർഷം 50 തികയുന്ന ഇഫിയുടെ പ്രോഗ്രാമറായി ദീപികയെ വീണ്ടും ക്ഷണിച്ചതിലൂടെ വ്യക്തമാകുന്നത്. ഇഫിയിൽ വിദേശരാജ്യങ്ങളിൽനിന്നും സിനിമയുമായി വരുന്നവർക്കെല്ലാം ദീപികസുശീലനെക്കണ്ടാൽ മതി.ദീപികയുടെ പെരുമാറ്റവും കാര്യങ്ങൾ നയചാതുര്യത്തോടെ ചെയ്യാനുള്ള പാഠവവും എല്ലാവരുടേയും പ്രശംസനേടുന്നു.

ദീപിക

കാൻ ചലച്ചിത്രോത്സവത്തിൽ പ്രോഗ്രാം മാനേജരായി ഒരു നാൾ പ്രവർത്തിക്കാൻ കഴിയണമെന്നതാണ് ദീപികയുടെ സ്വപ്നം..

മേളയെക്കുറിച്ച് ഡെലിഗേറ്റുകളിൽ നിന്ന് പ്രതികരണം അറിയാനാവുമെന്നതാണ് കേരള ചലച്ചിത്രോത്സവത്തിന്റെ മികവെന്ന് ദീപിക പറയുന്നു. ഗോവയിൽ പ്രേക്ഷകർ വന്ന് ചിത്രം കണ്ട് മടങ്ങുകയാണ് .കാര്യമായ പ്രതികരണം ലഭിക്കാറില്ല.ഇവിടെ ഇവിടെ എല്ലാവരിൽ നിന്നും നല്ല സഹകരണമാണ് തനിക്കു ലഭിക്കുന്നതെന്ന് ദീപിക പറഞ്ഞു.കേരളത്തിൽ റീജണൽ ഫിലിം ഫെസ്റ്റിവലുകൾ കൂടുതൽ വ്യാപകമാക്കണമെന്നാണ് ദീപികയുടെ അഭിപ്രായം.ഡെലിഗേറ്റ് ഫീസും താമസ-ഭക്ഷണച്ചെലവുകൾ വഹിച്ച് വടക്കു നിന്നുള്ളവർക്ക് തിരുവനന്തപുരത്തെത്തുക അത്ര എളുപ്പമല്ല.മുമ്പ് തിരുവനന്തപുരത്ത് പ്രവർത്തിക്കുമ്പോൾ നിലമ്പൂരിൽ ഫെസ്റ്റിവൽ നടത്തി.വീട്ടിൽ നിന്ന് പുറത്തിറങ്ങാത്തവർ പോലും സിനിമ കാണാൻ എത്തി.സംസ്ഥാനങ്ങൾ നടത്തുന്ന ചലച്ചിത്രോത്സവങ്ങളിൽ മികച്ചത് കേരള ചലച്ചിത്രോത്സവം ആണെന്നാണ് ദീപികയുടെ അഭിപ്രായം.ഇത്തവണത്തെ ഇഫി കൂടി കൂട്ടിയാൽ ദീപിക പ്രോഗ്രാം ചെയ്യുന്ന പതിനേഴാമത്തെ ഫെസ്റ്റിവലാണിത്.

സംസ്ഥാനങ്ങൾ നടത്തുന്ന ചലച്ചിത്രോത്സവങ്ങളിൽ മികച്ചത് കേരള ചലച്ചിത്രോത്സവം ആണെന്നാണ് ദീപികയുടെ അഭിപ്രായം.ഇത്തവണത്തെ ഇഫി കൂടി കൂട്ടിയാൽ ദീപിക പ്രോഗ്രാം ചെയ്യുന്ന പതിനേഴാമത്തെ ഫെസ്റ്റിവലാണിത്

ദീപിക അമ്മയോടൊപ്പം

നിരുപമ
വനിതാരംഗം

ഉറങ്ങാത്ത രാവുകളിലെ ദേവകി

ശരണ്യാഭുവനേന്ദ്രൻ

ജീവിതംയൗവനതീക്ഷണവും ഹൃദയംപ്രണയസുരഭിലവുമായപ്പോൾ തങ്ങളുടേതായ കുറേ ഭ്രാന്തുകൾക്ക് പിന്നാലെ പായുന്ന യുവദമ്പതികൾ. ജെസിയും മാനവും! ഒരു ദിവസം അവർ തീരുമാനിക്കുന്നു, അഞ്ചു ദിവസം ഉറങ്ങാതിരുന്നാലോ? ഉറങ്ങാത്ത രാവുകളിലൂടെ കടന്നുപോകുന്ന ഇരുവരും എത്തിച്ചേരുന്ന മാനസിക - സാമൂഹിക സന്ദർഭങ്ങളിലൂടെ കടന്നുപോകുന്ന ചലച്ചിത്രം. അതാണ് 'സ്ലീപ്ലെസ്ലിയു വേഴ്സ് '. ചിത്രത്തിന്റെ ആദ്യപ്രദർശനം ഇക്കഴിഞ്ഞ ഐ.എഫ്.എഫ്.കെയുടെ മലയാളസിനിമ ഇന്ന് എന്ന വിഭാഗത്തിൽ നടന്നു. ചിത്രത്തിന്റെ ടീസർ പുറത്തിറങ്ങിയപ്പോൾ തന്നെ യൂട്യൂബിൽ മികച്ച പ്രതികരണമാണുണ്ടായത്. നടൻ പൃഥ്വിരാജ്തന്റെ പേജിലൂടെ ചിത്രത്തിന്റെ വരവറിയിച്ച്ടീസർ അപ്‌ലോഡ്ചെയ്തതോടെ ചിത്രത്തിന്റെ വരവിനായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ്സിനിമാ പ്രേമികൾ.ജെസിയായി അഭിനയിക്കുന്നത് സംസ്ഥാന ചലച്ചിത്ര അവാർഡ് നേതാവ് സുദേവ് നായരാണ്. ചിത്രത്തിലെ പ്രധാന കഥാപാത്രമായ മാനവിനെ അവതരിപ്പിച്ചു നടിയും നർത്തകിയുമായ ദേവകി രാജേന്ദ്രനും പ്രത്യേകം പ്രശംസയർഹിക്കുന്നു. ദേവകിയുടെ വിശേഷങ്ങളിലൂടെ .

ഒരു സുഹൃത്ത് ചിത്രം

ഗൗതം സൂര്യയും സുദീപ് ഇലമണ്ണും ചേർന്നാണ് ചിത്രമൊരുക്കിയത്. ഇരുവരുമായി നേരത്തെ ചില പ്രോജക്ടുറ്റിൽ ദേവകി ഒരുമിച്ചിരുന്നു. ചിത്രത്തിലേക്ക് ക്ഷണിക്കാനുള്ള കാരണവും ഇതാണെന്ന് ദേവകി പറയുന്നു. തിരുവനന്തപുരത്തും ധനുഷ്കോടിയിലും രാമേശ്വരത്തുമായാണ് ഒന്നേകാൽ മണിക്കൂർ ദൈർഘ്യമുള്ള ചിത്രം പൂർത്തിയാക്കിയത്. അപ്പു ഭട്ടതിരിയുടെ എഡിറ്റിംഗ് കൂടിയായതോടെ ചിത്രം വ്യത്യസ്ത അനുഭവമായി ദേവകിക്ക്.

നൃത്തം, അഭിനയം, പാട്ട്

നൃത്തവും അഭിനയവും പാട്ടും നിറഞ്ഞ ഒരു ലോകമാണ് തന്റേതെന്ന് ദേവകി പറയുന്നു. പഠനങ്ങൾ പോലും ഇവയ്ക്ക് മങ്ങലേൽക്കാത്ത വിധം ചിട്ടപ്പെടുത്തിയതായിരുന്നു.കുഞ്ഞുനാൾ മുതൽ നൃത്തം പഠിക്കുന്നുണ്ട്. നബാഡിൽ ഉദ്യോഗസ്ഥനായ തിരുവനന്തപുരം സ്വദേശി രാജേന്ദ്രന്റെയും ജയശ്രീയുടെയും രണ്ട് പെൺമക്കളിൽ ഇളയവളാണ് ദേവകി. ജോലി സംബന്ധമായ ആവശ്യങ്ങൾക്കായി അച്ഛന് കേരളത്തിന് പുറത്ത് ജോലിചെയ്യേണ്ടി വന്നതിനാൽ പത്താം ക്ലാസുവരെയുള്ള പഠനം മുംബായിലായിരുന്നു. മൈഥിലി എന്ന നൃത്താദ്ധ്യാപികയിൽ നിന്ന് നാലു വയസ് മുതൽ ദേവകി നൃത്തം അഭ്യസിച്ചു. ശേഷം തിരുവനന്തപുരത്തെത്തിയപ്പോൾ നൃത്തപഠനത്തിന് കൂടുതൽ സമയം ചെലവഴിക്കാനായി ഹ്യൂമാനിറ്റീസ് ഐശ്വിക വിഷയമായെടുത്ത് കോട്ടൺഹിൽ സർക്കാർ ഗേൾസ്ഹയർ സെക്കൻഡറി സ്കൂളിൽ പ്ലസ് ട്ടു വരെ പഠിച്ചു. സംഗീതത്തിൽ ബി.എയും എം.എയും പഠിച്ചത് വഴുതക്കാട് ഗവ. വിമൻസ് കോളേജിലാണ്. തിരുവനന്തപുരത്തെത്തിയ ശേഷം റിഗാറ്റയിലെ ഗിരിജ ടീച്ചറിന് കീഴിലാണ് ഏഴ് വർഷം നൃത്തം പഠിച്ചത്.അതിനുശേഷം നാല് നാടകങ്ങൾ ചെയ്തു. വി. മൈഥിലിയാണ് ദേവകിയുടെ ഗുരു. വിജി തമ്പി സംവിധാനം ചെയ്ത കെമിസ്ട്രി എന്ന ചിത്രത്തിൽ ഒരു പ്രധാന വേഷം ചെയ്തിട്ടുണ്ട് ദേവകി.

ദേവകി

ചേച്ചി പാർവ്വതി ജെ.എൻ.യുവിൽ ഗവേഷക വിദ്യാർത്ഥിനിയാണ്. നൃത്തവും അഭിനയവുമായി ഭാവി ജീവിതം സുന്ദരമാക്കാനാണ് ദേവകിയുടെ പ്ലാൻ.